# ജോർജ്ജിയൻ GEORGIAN VOICE വോയ്സ്

ലക്കം 4 സെപ്റ്റംബർ 2012 പുസ്തകം 9






യൂത്ത് അസോസിയേഷൻ പ്രസിദ്ധീകരണം

**സെന്റ് ജോർജ്ജ് യാക്കോബായ സിറിയൻ കത്തീഡ്രൽ**

**കരിങ്ങാച്ചിറ**



**2012 സെപ്റ്റംബർ 14-ാം തീയതി 32-ാം സ്ഥാനാരോഹണ വാർഷികം ആഘോഷി ക്കുന്ന യാക്കോബായ സഭയുടെ തലവൻ പരി. പാത്രിയർക്കീസ് ബാവായ്ക്ക് കരിങ്ങാച്ചിറ കത്തീഡ്രലിന്റെ പ്രാർത്ഥനാ നിർഭരമായ ആശംസകൾ.**



ശാരീരികാസ്വാസ്ഥ്യം മൂലം ജർമ്മനിയിലെ ചികിത്സയ്ക്കു ശേഷം പരി.പാത്രിയർക്കീസ് ബാവാ ലബനോനിലെ മോർ യാക്കോബ് ബുർദാന ചാപ്പലിൽ സെപ്തംബർ 2-ാം തീയതി പരി. കുർബ്ബാനയിൽ സംബന്ധിച്ചപ്പോൾ.




## ജോർജ്ജിയൻ വോയ്സ്

**എഡിറ്റോറിയൽ ബോർഡ് അംഗങ്ങൾ**

*ചെയർമാൻ*

**റവ.ഫാ. ഷമ്മി ജോൺ**

*വൈസ് ചെയർമെൻ*

**റവ.ഫാ. റോയ്പോൾ വെട്ടിക്കാട്ടിൽ**

**റവ.ഫാ. വർഗീസ് പുലയത്ത്**

*ഉപദേശക സമിതി*

**റവ.ഫാ. വർഗീസ് പുലയത്ത്**

**റവ. ഫാ. സഖറിയ ഓണേരിൽ**

*മാനേജിംഗ് എഡിറ്റർ*

**റവ.ഫാ. സെബുപോൾ**

*ചീഫ് എഡിറ്റർ*

**വർഗീസ് രാജു**

*പ്രിന്റർ & പബ്ലിഷർ*

**ഷൈജു പി.കെ.**

*സബ് എഡിറ്റേഴ്സ്*

**രൻജി പോൾ**

**യൽദോ ജോർജ്ജ്**

**മാത്യു പോൾ**


# സെപ്റ്റംബർ 2012

## ഇതളുകൾ വിരിയുമ്പോൾ

- എഡിറ്റോറിയൽ
- മരണാനന്തരം എന്ത്
- ജീവന്റെ അപ്പം
- എന്ന് 'സ്വന്തം കാലൻ'
- വാർത്തകൾ
- ഇടവക കലണ്ടർ
- വിജ്ഞാനകൗതുകം

**വായനക്കാർക്ക് സ്നേഹത്തിന്റേയും സമൃദ്ധിയുടേയും ഓണാശംസകൾ**


ചീഫ് എഡിറ്റർ
ജോർജ്ജിയൻ വോയ്സ്
സെന്റ് ജോർജ്ജ് കത്തീഡ്രൽ
കരിങ്ങാച്ചിറ - 682 309
E-mail: georgianvoice@stgeorgecathedral.in
www.stgeorgecathedral.in



## എഡിറ്റോറിയൽ

# അപായം അതിഥിയായെത്തിയപ്പോൾ

ഓണം ഈ വർഷം കേരളത്തിന് സന്തോഷമുള്ള വാർത്തകളല്ല നൽകിയത്. റോഡിലെ മീഡിയനിൽ ഇടിച്ച് ഇന്ധനഗ്യാസ് നിറച്ച ടാങ്കർ ലോറി മറിഞ്ഞപ്പോൾ പൊലിഞ്ഞത് ജീവനുകൾ. ഒരിക്കലും ഇനി തിരിച്ച് വരില്ല എന്ന് ഉറപ്പിച്ച് ഓർമ്മയിലേക്ക് മറഞ്ഞുപോയ മനുഷ്യ രുടെ കത്തിക്കരിഞ്ഞ ശരീരങ്ങൾ. എന്തുകൊണ്ടാണ് നമ്മൾ വീണ്ടും ദുരന്തങ്ങളുടെ വാർത്തകൾ കേൾക്കുവാൻ കാതുകൾ ഇടം തരുന്നത്. ചെറിയ മുന്നറിയിപ്പുകൾ അല്ലെങ്കിൽ കാത്തിരിക്കുന്ന അശ്രദ്ധകൾ നാം കണ്ടില്ല എന്ന് നടിക്കുമ്പോൾ സാരമില്ല എന്ന ഒരു ക്ഷമ വാക്കിലേക്ക് ഒതു ങ്ങുന്നു.

ജീവൻ പൊലിഞ്ഞ് നഷ്ടം ഉണ്ടായ ഭവനങ്ങൾ, കുഞ്ഞുങ്ങൾ, ബന്ധുമിത്രാദികൾ ഇവരുടെ കരച്ചിൽ ഇനിയും നാം കേട്ടില്ല എന്നു അഭിനയിക്കുകയാണോ. മരണത്തിൽ ഏറ്റവും ഭീകരമാണ് പൊള്ളൽ ഏറ്റ് ദിവസങ്ങളോളം മരണത്തെ കാത്തുകിടക്കുന്ന അവസ്ഥ. എന്താണ് ഇവിടെ മനുഷ്യ സുരക്ഷാവകുപ്പ് സജീവമാകാ ത്തത്. സർക്കാർ ഇനിയും ഒരു നടപടി സ്വീകരിക്കുവാൻ ഇനി എഴുത്തുകുത്തുകൾ നിറഞ്ഞ ഉദ്യോഗസ്ഥ മേശകൾക്ക് കാത്തിരിക്കുന്ന അവസ്ഥയാണോ........... നാം വളരെ വൈകിപ്പോ കുന്നു.

കഴിഞ്ഞ കാലയളവിൽ നിർമ്മിച്ച ഒരു റോഡിലെ വളവ് നിവർത്തുന്നതിന് മന്ത്രിമാരെ സ്വീകരിച്ച് യോഗം നടത്തി അതിഥികൾക്കും ജനങ്ങൾക്കും ചായസത്ക്കാരം നൽകി നടപടി സ്വീകരിച്ചത് ഏറെ ആഭാസത്തോടെയാണ് നോക്കി കാണുന്നത്. ആ വളവിൽ പൊലിഞ്ഞ ജീവനുകൾ ഏറെയാണ്. നഷ്ടപ്പെട്ടത് അവരെ കാത്തിരുന്ന കുടുംബങ്ങൾക്ക്. അവരുടെ കണ്ണുനീർ ഒപ്പുവാൻ സാധിക്കാത്ത നമ്മളും ദിനംപ്രതി ആ റോഡിലൂടെ സഞ്ചരിക്കുന്നു എന്നും ഓർക്കണം.

അടിയന്തിരമായി ഉണ്ടാകേണ്ട തീരുമാനങ്ങൾ, നിശ്ചയദാർഢ്യ ത്തോടെ പ്രവർത്തനങ്ങളെ കാണുന്ന ഉദ്യോഗസ്ഥ സമൂഹം ഇവയെല്ലാം മികവുറ്റതാക്കാൻ സാധിക്കണം. എന്നാൽ മാത്രമെ ഇവയെല്ലാറ്റിനും പരിഹാരം ഉണ്ടാവുകയുള്ളു. റോഡ് സുരക്ഷാ നടപടികൾ എഴുത്തുകളിൽ, നിറഞ്ഞ ഫയലുകളിൽ ഒതുങ്ങുന്ന രീതികൾ നാം മാറ്റിയെടുക്കണം. റോഡുകൾ ഒരു രാജ്യത്തിന്റെ വളർച്ചയുടെ രക്തധമനികളാണ് എന്ന് നാം ഓർക്കണം. റോഡ് മികവുറ്റതായാൽ മാത്രമേ രാജ്യത്തിന് വളർച്ചയുണ്ടാവുകയുള്ളു. അവയിലെ സുരക്ഷ അതിനേക്കാൾ ശ്രദ്ധയുള്ളതായിരിക്കണം.

# മരണാനന്തരം എന്ത്

അഭി. മാത്യൂസ് മാർ അപ്രേം മെത്രാപ്പോലീത്ത



**4. മരിച്ചവർക്കുവേണ്ടി പ്രാർത്ഥിക്കേണ്ടതുണ്ടോ?**

മരണാനന്തരം ആത്മാക്കൾ സുബോധാവസ്ഥയിലാണെന്നും അവർ കർത്താവിനോടു കൂടിയാണെന്നും മരണാനന്തരവും കേൾക്കുവാനും അനുസരിക്കുവാനും അവർക്കു കഴിയുമെന്നും മുൻഭാഗങ്ങളിൽ നാം കണ്ടു. അപ്പോൾ മരണമെന്നത് അവസ്ഥാഭേദം മാത്രമാണെന്ന് വേദപുസ്തകം വെളിപ്പെടുത്തിത്തരുന്നു. ശരീരത്തിലിരിക്കുമ്പോൾ സമീപത്തായാലും വിദൂരത്തായാലും പ്രാർത്ഥനയുടെ ഐക്യത്തിൽ അഭയപ്പെടുന്നുവരാണല്ലോ സകല ക്രൈസ്തവരും. എങ്കിൽ ദൃശ്യാവസ്ഥയിൽ നിന്നു മാറിപ്പോയി എന്ന ഒറ്റക്കാരണം കൊണ്ട് പ്രാർത്ഥനാ ശൃംഖല പൊട്ടിച്ചുമാറ്റുന്നത് സാഹസമല്ലേ? മാത്രമല്ല, പ്രാർത്ഥന വിശ്വാസത്തിന്റെ തികവും സ്നേഹത്തിന്റെ പൂർണ്ണമായ സാക്ഷ്യവുമാണ്. ഈ വിശ്വാസത്തിന്റെയും ഐക്യത്തിന്റെയും സാക്ഷാത്ക്കാരമാണ് പ്രാർത്ഥന ഈ ലോകത്തിൽ നിന്നും കടന്നുപോയവർക്കുവേണ്ടി പ്രാർത്ഥിക്കാത്തവർ തങ്ങളുടെ സ്നേഹത്തിന്റെ പരിമിതിയാണ് കാണിക്കുന്നത്. 2 തീമോ. 1:16, 18. ആ ദിവസത്തിൽ കർത്താവിന്റെ പക്കൽകരുണ കണ്ടെത്താൻ കർത്താവ് അവന് (ഒനേസിഫോറസിനു) സംഗതി വരുത്തട്ടെ എന്നു പൗലോസ് പ്രാർത്ഥിക്കുന്നു. രൂത്ത് 2:20 ൽ നവോമി ബോവസിനെഅനുഗ്രഹിക്കപ്പെട്ടവൻ എന്ന് ശരീരപ്രകാരം മരിച്ചവനും കർത്താവ് കരുണ ചെയ്യുന്നു എന്നല്ലേ ഈ വാക്യം പറയുന്നത്. യാക്കോബിന്റെ പുത്രനായ രൂബേൻ ചെയ്ത തെറ്റിന് (ഉല്പ: 35:22, 49:4) മോശ തന്റെ മരണത്തിനു മുമ്പ് അനുഗ്രഹിച്ച് അവന്റെ പുരുഷന്മാർ കുറയാതിരിക്കട്ടെ (ആവ. 33:6). പൗലോസ് അപ്പോസ്തലൻ പറയുന്നത് മരിച്ചവർക്കും ജീവിച്ചിരിക്കുന്നവർക്കും കർത്താവാകേണ്ടതിനല്ലോ ക്രിസ്തു മരിക്കുകയും ഉയിർക്കുകയും ചെയ്തത് (റോമ. 14:9) എന്നാണ്. പുറ. 28:29 ൽ അഹറോൻ വിശുദ്ധ മന്ദിരത്തിൽ കടക്കുമ്പോൾ ന്യായവിധിപ്പതക്കത്തിൽ ഇസ്രായേൽ മക്കളുടെ പേർ എപ്പോഴും യഹോവയുടെ മുമ്പാകെ ഓർമയ്ക്കായിട്ടു തന്റെ ഹൃദയത്തിന്മേൽ വഹിക്കണം എന്നു കാണുന്നതു പ്രാർത്ഥനയിൽ ഓർക്കുന്നതിനാണെന്ന് സ്പഷ്ടമാണല്ലോ. മോശ മരിച്ചപ്പോൾ മോവാബ് സമഭൂമിയിൽ മുപ്പതുദിവസം കരഞ്ഞുകൊണ്ടിരുന്നു (ആവ. 34:8) എന്നു പറഞ്ഞാൽ കണ്ണീരൊഴുക്കി എന്നുമാത്രമാണോ, അവർ മോശയ്ക്കുവേണ്ടി പ്രാർത്ഥിച്ചു എന്നല്ലേ ചിന്തിക്കേണ്ടത്? വെളി. 6:10 ൽ രക്തസാക്ഷികളുടെ ആത്മാക്കൾ ഞങ്ങളുടെ രക്തത്തെക്കുറിച്ച് നീ എത്രത്തോളം ന്യായവിധിയും പ്രതികാരവും നടത്താതെയിരിക്കും എന്നു ഉറക്കെ നിലവിളിച്ചു എന്നും വായിക്കുന്നു. ഈ ലോകത്തിൽ നടന്ന സംഭവങ്ങളെക്കുറിച്ചുള്ള അവരുടെ ബോധ്യമാണിവിടെ വ്യക്തമാക്കുന്നത്. അതുപോലെ 7:10 ൽ മഹാപുരുഷാരം പറയുന്നത് രക്ഷ എന്നത് സിംഹാസനത്തിലിക്കുന്ന നമ്മുടെ ദൈവത്തിന്റെയും കുഞ്ഞാടിന്റെയും ദാനം എന്നാണ്. ഈ മഹാപുരുഷാരത്തിന്റെ അത്യുച്ചത്തിലുള്ള ആർപ്പുവിളി അവർ നിശ്ശബ്ദതയിലോ നിഗൂഢതയിലോ അല്ല സജീവാവസ്ഥയിലാണെന്നല്ലേ വ്യക്തമാക്കുന്നത്? അപ്പൊ: പ്ര. 9:40ൽ പത്രോസ് തബീഥയ്ക്കും 20:9–12–ൽ പൗലോസ് യൂത്തിക്കോസിനു വേണ്ടിയും പ്രാർത്ഥിച്ച് അവരെ ഉയിർപ്പിച്ചത് മരിച്ചവർക്കുവേണ്ടിയുള്ള പ്രാർത്ഥനയല്ലേ?

**5. മരിച്ചവർക്കുവേണ്ടി വിശുദ്ധ കുർബ്ബാന അർപ്പിക്കുന്നതെന്തിന്?**

വിശുദ്ധ കുർബ്ബാനദൈവരക്ഷാപദ്ധതിയുടെയും കർത്താവിന്റെ കാൽവരിയിലെ ബലിയുടെയും തുടർച്ചയാണ്. വിശുദ്ധ കുർബ്ബാനയിൽ അങ്ങനെക്രിസ്തുവിന്റെ മരണമാണ് പ്രസ്താവിക്കപ്പെടുന്നത്. അവന്റെ മരണത്തിലാണ് നാം മാമോദിസാ മുങ്ങപ്പെട്ടിരിക്കുന്നത്. അഥവാ ജീവന് അവകാശം നേടിയിരിക്കുന്നത്. അപ്പോൾ വിശുദ്ധ കുർബ്ബാനയിൽ കാൽവരിയിലെ ബലിയെന്നപോലെ രക്ഷയുടെ അനുഭവം ലഭിക്കുകയാണ്. അതു ജീവനുള്ളവർക്കും മരിച്ചവർക്കും അനുഭവവേദ്യമാകുന്ന ആത്മീകാനുഭവമാണ് ഓരോ കുർബാനയും ആദാം മുതൽ കർത്താവിന്റെ രണ്ടാമത്തെ വരവുവരെയുള്ള സകല ജാതിക്കും വംശത്തിനും വേണ്ടിയുള്ളതുമാകുന്നു. അങ്ങനെ വിശുദ്ധ കുർബ്ബാനവഴിയായി പരേതർ ക്രിസ്തുവിന്റെ രക്ഷാപദ്ധതിയിൽ പങ്കാളികളാകുകയാണ്. ഈ പശ്ചാത്തലത്തിൽ കൂടിയാണ് അപ്പോസ്തലിക കാലത്ത് മരിച്ചവർക്കുവേണ്ടിയും സ്നാനം ഏറ്റിരുന്ന പതിവ് നിലനിന്നിരുന്നത് (1 കൊരി. 15:29) വിശുദ്ധ കൂദാശകൾ വഴിയായി മരിച്ചവർക്കും ആത്മീകപ്രയോജനം ഉണ്ടാകും എന്നാണ് ഈ വാക്യം വെളിവാക്കിത്തരുന്നത്.

(തുടരും....)

# ജീവന്റെ അപ്പം

## വി. കുർബ്ബാനവ്യാഖ്യാനം



ഡോ. കുര്യാക്കോസ് കോർഎപ്പിസ്കോപ്പാ മൂലയിൽ

**5. അബ്രഹാമിന്റെ ബലി**

വിശ്വാസികളുടെ പിതാവ് എന്ന പദവിക്ക് അർഹനായിത്തീരുവാൻ തക്കവണ്ണം ദൈവകൽപനയോടുള്ള അനുസരണം കാണിച്ച് തന്റെ ഏകജാതനെ ബലികഴിക്കുവാൻ തക്കവണ്ണം തീഷ്ണത കാണിക്കുകയും വിശ്വാസത്തിന്റെ തികവുകൊണ്ട് ആട്ടുകൊറ്റന്റെ ബലിയാൽ ഇസഹാക്ക് ജീവിക്കുകയും ചെയ്ത മോറിയാമലയിലെ അബ്രാഹാമിന്റെ ബലി വി.കുർബ്ബാനയുടെ സൂചനയാകുന്നു. വിശ്വാസത്തിന്റെ തീഷ്ണതകൊണ്ടാണ് ആ ബലി അർപ്പിക്കപ്പെടുന്നത്. അതുകൊണ്ട് ഇസഹാക്ക് മരണത്തിൽനിന്നും വിമോചിതനാകുന്നു. പുതിയ നിയമബലിയായ വി.കുർബ്ബാനയും വിശ്വാസനിറവിന്റെ സമർപ്പണമാകുന്നു. ആട്ടുകൊറ്റന്റെ ബലിയാൽ ഇസഹാക്ക് രക്ഷിതനായതുപോലെ യേശുതമ്പുരാന്റെ ബലിയാൽ മനുഷ്യജാതി മുഴുവനായും നിത്യമായ മരണത്തിൽനിന്നും നാശത്തിൽ നിന്നും രക്ഷനേടുകയും ചെയ്യുന്നു.

**6. യറീഹോ സമഭൂവിൽ യോശുവാ ആജ്ഞാപിച്ച പെസഹാ**

വാഗ്ദത്ത നാടായ കനാനിലേക്ക് ഇസ്രായേൽക്കാർ യാത്രചെയ്തു യോർദാൻ തീരത്തെത്തുകയും യഹോവായുടെ പെട്ടകം വഹിച്ചിരുന്ന പുരോഹിതന്മാരുടെ കാലുകൾ യോർദാൻ നദിയിലെ വെള്ളത്തിൽ സ്പർശിച്ചപ്പോൾ നദി വിഭാഗിക്കപ്പെട്ടു. ജനം മറുകര കടക്കുകയും ചെയ്തു. യോർദാൻ അക്കരെ ഗിൽഗാലിൽ പാളയം ഇറങ്ങിയവർ യോശുവായുടെ കൽപനയനുസരിച്ച് മൃഗങ്ങളെ അറുത്ത് പെസഹാ ആചരിച്ചു. യഹോവയായ ദൈവം തുണചെയ്ത് നദി കുറുകെ കടക്കുവാൻ ഉണങ്ങിയ നിലം കാട്ടിത്തന്നു എന്നതിന്റെ സ്മരണക്കായി നദിയിൽ നിന്നും പുരോഹിതന്മാരുടെ കാലുകൾ സ്പർശിച്ച പന്ത്രണ്ട് കല്ലുകൾ എടുത്ത് നദിക്കരെ അവർ സ്ഥാപിക്കുകയും ചെയ്തു. പാപത്തിൽ പതിച്ച മനുഷ്യകുലത്തിന് രക്ഷയിലേക്കുള്ള പ്രയാണത്തിന് മുഖാന്തിരമായി തീർന്ന യേശുതമ്പുരാന്റെ ബലി ഈ സംഭവത്താൽ ദൃഷ്ടാന്തപ്പെടുന്നു. മരണയോർദാൻ കടന്ന് വാഗ്ദത്ത കാനാൻ ആകുന്ന പറുദീസായിലേക്കുള്ള യാത്രയിൽ തിരുശരീര രക്തങ്ങളാകുന്ന വി.കുർബ്ബാന നമ്മെ നയിക്കുന്നു. എന്റെ ശരീരം ഭക്ഷിച്ചെൻ രക്തം പാനം ചെയ്വോൻ പാതാളത്തിൽ പോവാനായി വിടാ ഞാൻ. എന്നാണല്ലോ പാടുന്നത്. യോർദാൻ നദി കടന്നതിന്റെ സൂചനയായി യോശുവ നദീതീരത്ത് പന്ത്രണ്ട് കല്ലുകൾ സ്ഥാപിച്ചതുപോലെ കർത്താവ് പറുദീസാ യാത്രക്കുള്ള ഈ കവാടം നമുക്കായി തുറന്ന് തന്നതും പന്ത്രണ്ട് ശ്ലീഹാന്മാരായ പന്ത്രണ്ട് അടിസ്ഥാനങ്ങളുടെ മദ്ധ്യത്തിലാണ്. അവർ രക്ഷയുടെ ദൂത് നമുക്കായി തുറന്ന് കാണിച്ച് തരുകയും ചെയ്തു. ഇസ്രായേൽകാരുടെ ഈ പെസഹായോടുകൂടി ആകാശത്തുനിന്നും അവർക്ക് ലഭിച്ചിരുന്ന മന്ന തീർന്നുപോയി എങ്കിൽ വി.കുർബ്ബാനയാകുന്ന സ്വർഗ്ഗീയപോഷണം വഴിയായി സഭയിൽ സ്വർഗ്ഗീയനായ കർത്താവ് സ്ഥിരമായി വസിക്കുകയും അത് അനുഭവിക്കുന്നവരിൽ താൻ വസിക്കുകയും ചെയ്യുന്നു. (യോശുവ 3.14.5.12. യോഹ.6.56)

**7. ശമുവേലിന്റെ ബലി**

ഇസ്രായേൽ സത്യദൈവത്തെ വിട്ട് അന്യദൈവങ്ങളുടെ പിന്നാലെ പോയപ്പോൾ യഹോവാ അവരെ ഫെലിസ്ത്യരുടെ കൈയിൽ ഏൽപിച്ചു. ശമുവേലിന്റെ ആജ്ഞയനുസരിച്ച് അവർ യഹോവയിലേക്ക് തിരിയുകയും അന്യദൈവങ്ങളുടെ പ്രതിമകളെ നീക്കംചെയ്യുകയും ചെയ്തു. മിസ്പയിൽ ഒന്നിച്ചുകൂടി തങ്ങളെത്തന്നെ ശുദ്ധീകരിച്ച് ദൈവസന്നിധിയിൽ ഉപവസിച്ചു. മിസ്പയിൽ അനുതാപത്തോടെ കൂടിയവരായ

ഇസ്രായേൽകാർക്കെതിരെ പെലിസ്ത്യർ സന്നാഹത്തോടെ എതിരിട്ടു വന്നപ്പോൾ യഹോവ തുണ ചെയ്യുവാൻ തക്കവണ്ണം ശമുവേൽ ഒരാട്ടിൻ കുട്ടിയെ എടുത്ത് യഹോവക്ക് യാഗം അർപ്പിച്ചു. അത് യഹോവ കൈക്കൊണ്ട് ശത്രുക്കളുടെ കൈയിൽനിന്നും അവരെ വിടുവിച്ചു. (1 ശമുവേൽ 7. 6-10) വീരന്മാരും ശക്തന്മാരുമായിരുന്ന ഫെലിസ്ത്യരിൽ നിന്നും ശമുവേലിന്റെ ബലി ഇസ്രായേൽക്കാരെ രക്ഷിച്ചത് പൈശാചിക ബന്ധത്തിൽ നിന്നും മനുഷ്യകുലത്തിന് കർത്താവിന്റെ ബലിയാൽ മോചനം ലഭിക്കുന്നതിനോട് ദൃഷ്ടാന്തപ്പെടുന്നു.

**8. യിപ്താഹിന്റെ ബലി**

അമ്മോന്യർ ഇസ്രായേൽക്കാരോട് യുദ്ധത്തിനു വന്നപ്പോൾ പരാക്രമശാലിയായി യിപ്താഹ് യഹോവയുടെ ആത്മാവ് ലഭിച്ചവനായി അവരുടെ നായകനും നേതാവുമായി വന്ന് ശത്രുവിനെ പരാജയപ്പെടുത്തി. യുദ്ധത്തിനു പുറപ്പെട്ട യിപ്താഹ് അമ്മോന്യരെ ജയിച്ചു മടങ്ങിവരുമ്പോൾ എതിരേൽക്കുവാൻ വീട്ടുവാതിൽക്കൽ വരുന്നത് യഹോവയ്ക്ക് ഹോമയാഗമായി അർപ്പിക്കും എന്ന് നേർച്ച നേർന്നിരുന്നു. ജയാളിയായി വന്ന അവനെ എതിരേറ്റത് അവന്റെ ഏകജാതയായ പുത്രിയായിരുന്നു. അവളെ താൻ യാഗമായി അർപ്പിച്ചു. പൈശാചിക പ്രമോദത്തിൽ പാപത്തിൽ അടിമപ്പെട്ടുപോയ മനുഷ്യജാതിയുടെ വീണ്ടെടുപ്പിനുള്ള മറുവിലയായി യാഗമായി സമർപ്പിക്കപ്പെട്ട ഏകജാതനായ പുത്രൻ തമ്പുരാന്റെ ബലിക്ക് യിപ്താഹിന്റെ ബലി ദൃഷ്ടാന്തമാകുന്നു. യിപ്താഹിന്റെ പുത്രീ ബലിയർപ്പണത്താൽ യിസ്രായേൽ അമ്മോന്യരെ ജയിച്ചു എങ്കിൽ (ന്യായ.11.29-40) തന്റെ ഏകജാതനായ പുത്രനെനാം ജീവിക്കേണ്ടതിനു ലോകത്തിലേക്ക് അയച്ചു. (1 യോഹ.4.9) എന്നത് അവന്റെ വിലയേറിയ ബലിയാൽ നാം നിത്യമായി പൈശാചിക അധീനത്തെ ജയിച്ചിരിക്കുന്നു എന്നതിന്റെ ദൃഷ്ടാന്തമാകുന്നു. പിതാവാം ദൈവം തന്റെ ഏകജാതനെ ബലിയായി അർപ്പിക്കപ്പെടുവാൻ അയച്ചു എന്നതു ഈ സാദൃശ്യവുമായി ബന്ധപ്പെട്ടിരിക്കുന്നു.

**9. ഏശായാ ദർശനം.**

ലൗകീക ശ്രേഷ്ഠതയുടെ ഔന്നത്യമായി കരുതപ്പെടുന്ന രാജസ്ഥാനത്ത് ജീവിച്ച ഉസ്സിയ രാജാവ് അതിന്റെ നശ്വരതയെ വെളിപ്പെടുത്തിക്കൊണ്ട് മരിച്ച ആണ്ടിൽ ഏശായ പ്രവാചകൻ യഹോവായുടെ അനശ്വരമായ മഹത്വദർശനം കാണുന്നു. അനശ്വരമായ മഹത്വം ദർശിച്ചവർ ലൗകീകമായ തന്റെ നിസ്സാരത്വവും കഷ്ടതയും ശുദ്ധിയില്ലായ്മയും മനസ്സിലാക്കിക്കൊണ്ട് എനിക്ക് അയ്യോ കഷ്ടം ഞാൻ നശിച്ചു. ഞാൻ ശുദ്ധിയില്ലാത്ത അധരങ്ങളുള്ളൊരു മനുഷ്യൻ എന്നു വിലപിക്കുന്നു. (ഏശായാ 6.5) ലൗകീകമായ നശ്വരതയിലൂടെ ദൈവീകമായ അനശ്വരത കണ്ട പ്രവാചകനും പാപമോചനം നൽകിയത് മാലാഖമാരിൽ ഒരുവൻ കൊടിലിന്മേൽ അഗ്നിയെടുത്ത് അവന്റെ നാവിന്മേൽ സ്പർശിച്ചുകൊണ്ടാണ് പരിശുദ്ധാത്മാവിന്റെ വാസത്തെ സൂചിപ്പിക്കുന്ന അഗ്നിയുടെ സ്പർശനം. ക്രിസ്തു മുഖാന്തിരമുള്ള രൂപാന്തരത്തിന്റെ പാതയിൽ ലക്ഷ്യവും വ്യക്തമാക്കുന്നു. പ്രവാചകൻ സ്പർശിച്ച ഈ തീക്കട്ട രൂപാന്തരപ്പെടുന്ന - ദൈവീക ആവാസം നൽകുന്ന വി.കുർബ്ബാനയെ സൂചിപ്പിക്കുന്നു.

**10. മിസ്രയീമിൽ ആചരിച്ച പെസഹ**

യാക്കോബും ഗോത്രപിതാക്കന്മാരും അതിഥികളായി എത്തിച്ചേർന്ന മിസ്രയേമിൽ (ഈജിപ്ത്) അവർ അടിമകളായി തീർന്നപ്പോൾ വിമോചകനായ ദൈവം അവരെ സ്വാതന്ത്ര്യപ്പെടുത്താനായി മിസ്രേം കടിഞ്ഞൂലുകളെ സംഹരിച്ചു. സംഹാരദൂതൻ യിസ്രായേൽ ഭവനങ്ങളെ സംരക്ഷിച്ചു കടന്നുപോകാൻ ഉപയോഗപ്പെടുത്തിയ ആട്ടിൻകുട്ടിയുടെ രക്തവും അതിന്റെ സ്മരണയുമാകുന്ന പെസഹാ ആചരണവും മിശിഹായുടെ രക്ഷാകരബലിയെ സൂചിപ്പിക്കുന്നു. (പുറ.12.21.25.) ആട്ടിൻകുട്ടിയുടെ രക്തം ഇസ്രായേൽ കടിഞ്ഞൂൽ പുത്രന്മാരെ മരണത്തിൽ നിന്നും ജാതിക്കുമുഴുവൻ അടിമത്തത്തിൽനിന്നു മോചനവും രക്ഷയും നൽകിയതു പോലെ ക്രിസ്തു ചിന്തിയതായ രക്തം മുഖാന്തിരം പാപത്തിന്റെ അടിമത്തത്തിൽനിന്നും മോചനവും നിത്യനാശമായ മരണത്തിൽനിന്നും രക്ഷയും നൽകി. ഈ പഴയ നിയമ പെസഹാ കർത്താവിന്റെ ബലിയായ വി.കുർബ്ബാനയുടെ സൂചനയാണ്.

# എന്ന് "സ്വന്തം കാലൻ"

ഡോ. സിവി. വി. പുലയത്ത്



ഷഷ്ടിപൂർത്തി ആഘോഷത്തിന്റെ ആലസ്യത്തിൽ നിന്നും പൊറിഞ്ചുവിനെ ആരോ തട്ടിയുണർത്തി. നാശം. തന്റെ മുന്നിൽ നിൽക്കുന്ന രൂപത്തെ തിരിച്ചറിയാൻ പൊറിഞ്ചുവിന് അധികനേരം വേണ്ടിവന്നില്ല. സാക്ഷാൽ കാലൻ. ദെന്താപ്പോ ഗിഡിയേ ഇന്നേരത്ത്. ഭയം മറച്ചുവച്ച് പൊറിഞ്ചു തന്റെ കുന്നംകുളം ഭാഷ പുറത്തെടുത്തു.

കാട്ടുക്കാരൻ ഫ്രാൻസിസ് ഇടിക്കുള മകൻ കെ.എഫ്. പൊറിഞ്ചു 60 വയസ്സ്. ചിത്രഗുപ്തന്റെ കാലാന്ത്യ പട്ടികയിൽ ഇനി തങ്ങളുടെ പേരാണ് അടുത്തത്. എന്റെ കൂടെ വരാൻ സമയമായി. യമരാജൻ ഗൗരവസ്വരത്തിൽ മറുപടി പറഞ്ഞു.

കാർന്നോന്മാരായിട്ടു വരുത്തിവച്ച കടമൊക്കെ തീർത്ത് ഒന്നു കാലുനീട്ടി ഇരിക്കാൻ തുടങ്ങീട്ടേ ഉള്ളു കാലാ. ചങ്കീ കുത്തണ വർത്താനം പറയരുത്.

ദാ എന്റെ കൈയിൽ ഈ പ്രദേശത്തുനിന്ന് അടുത്ത 10 കൊല്ലം വിളിച്ചോണ്ടു പോകാനുള്ള വരുടെ പട്ടികയാണിരിക്കുന്നത്. 213 പേരുകളിൽ ആദ്യം നീ തന്നെ പൊറിഞ്ചു. കാലൻ നയം വ്യക്തമാക്കി. ഞാനെന്തു വേണമെങ്കിലും ചെയ്യാം. ആ പേരൊന്നു വെട്ടിക്കൂടെ എന്റെ പൊന്നു യമരാജാ. പൊറിഞ്ചു കേണു.

സൃഷ്ടി സ്ഥിതി സംഹാരത്തിനു ചില നിയതമായ നിയമങ്ങളുണ്ട് മോനെപൊറിഞ്ചു. ഈ ലിസ്റ്റിലെ പേരുകളുടെ മുൻഗണനാക്രമം മാറ്റാമെന്നല്ലാതെ പേരുവെട്ടാൻ എനിക്കധികാരമില്ല. കാലൻ തീർത്തു പറഞ്ഞു. കാര്യം നടക്കി ല്ലെന്നു കണ്ടപ്പോൾ പൊറിഞ്ചു കളം മാറ്റി ചവിട്ടി.

ശരി. ഏതായാലും നമ്മൾ പോവുന്നതിനു മുമ്പ് ഒരു മട്ടൻ ബിരിയാണി കഴിച്ചിട്ടു പോവാം. യമരാജൻ ഈ വീട്ടിലാദ്യമായിട്ടല്ലേ. കാലനു സന്തോഷമായി. മരണം അറിയിക്കാൻ ചെന്നപ്പോൾ ശാപവാക്കുകൾക്കു പകരം ആദ്യമായിട്ടാണ് ഒരു നല്ല ശാപ്പാട് തരപ്പെടുന്നത്. വിഭവങ്ങൾ നിരന്നു. ചൂടൻ മട്ടൻ ബിരിയാണി വിളമ്പും മുമ്പ് അതിൽ രണ്ട് ഉറക്കഗുളിക പൊടിച്ചിടാൻ പൊറിഞ്ചു മറന്നില്ല. കാലൻ ആവേശപൂർവ്വം ബിരിയാണി അകത്താക്കി. നോക്കിനിന്ന പോത്തിന്റെ വായിൽ വെള്ളമൂറി. പൊറിഞ്ചുവിന്റെ കണ്ണുകൾ മരണലിസ്റ്റിൽ ഉടക്കിനിന്നു.

കാലന്റെ കൺപീളകൾക്കു കനം വച്ചു. നല്ല ക്ഷീണം. ദൂരയാത്രയ്ക്കുമുമ്പ് ഞാനൊന്നു മയങ്ങട്ടെ. മയക്കുമരുന്നിന്റെ പ്രവർത്തനം കാലനെഉറക്കത്തിലേക്കു നയിക്കുന്നതു നോക്കി പൊറിഞ്ചു ഊറിച്ചിരിച്ചു.

മരണപ്പട്ടിക കൈക്കലാക്കി പൊറിഞ്ചു തന്റെ ജോലി ആരംഭിച്ചു. ആദ്യ പേരിന്റെ ചീട്ടെടുത്ത് 213-ാം സ്ഥാനത്തേക്ക് മാറ്റിവച്ചു. പേരു വെട്ടിയാൽ കണ്ടു പിടിക്കപ്പെടും. പക്ഷേ ഇതാകുമ്പം ഒരു 10 കൊല്ലം കൂടി സുഖമായി ജീവിക്കാം. യമരാജന്റെ പള്ളിയുറക്കം ഉണരുന്നതും കാത്ത് പൊറിഞ്ചു താടിക്കു കൈയും കൊടുത്തിരുന്നു. ഹൊ. ഇതുപോലൊരു ആതിഥ്യ സത് ക്കാരം എനിക്കൊരു മരണവീട്ടിൽ നിന്നും ലഭിച്ചിട്ടില്ല പൊറിഞ്ചു.

കാലൻ കണ്ണും തിരുമ്മി എഴുന്നേറ്റു. ങ്ങള് ഇതെന്തൂട്ടാ ഇപ്പറയണത്. ദൊക്കെ മ്മടെ ഒരു സന്തോഷല്ലേ....... പൊറിഞ്ചു വിനയാന്വിതനായി. തന്റെ സത്യസന്ധതയ്ക്കും ആചാര്യമര്യാദക്കും ഞാനൊരു പാരിതോഷികം തന്നില്ലെങ്കിൽ അതൊരു മോശം തന്നെ. അതുകൊണ്ട് എനിക്കുള്ള അധികാരം ഉപയോഗിച്ച് ഞാനീ പട്ടികയിൽ ഒരു മുൻഗണനാ ക്രമവ്യത്യാസം വരുത്താൻ പോവുകയാണ്. ആദ്യത്തെ പേരിനു പകരം ഇനി ഞാൻ അവസാനത്തെ പേരു മുതൽ വായിക്കാൻ പോവുകയാണ്.

നമ്പർ 213 കാട്ടൂക്കാരൻ ഫ്രാൻസിസ് ഇടിക്കുള മകൻ കെ.എഫ്. പൊറിഞ്ചു. 60 വയസ്സ്. അങ്ങനെ തന്റെ നടപടി ദൂഷ്യം തനിക്കു വരുത്തി വച്ച വിനയെ ശരിവച്ചുകൊണ്ട് പരേതനായ പൊറിഞ്ചു അന്ത്യ ന്യായവിധിക്കായി കാലനെ അനുഗമിച്ചു. ദൈവത്തിന്റെ മാറ്റമില്ലാത്ത തീരുമാനങ്ങളെ അനുസരിക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ച് അപ്പോൾ കുന്നംകുളം വലിയ പള്ളിയിൽ കുന്നേലച്ചൻ പ്രസംഗിക്കുകയായിരുന്നു.

# സെപ്റ്റംബർ 14 – സ്ലീബാ പെരുന്നാൾ

**ഏലിയാമ്മ സിറിയക്ക്** (മോർ കൂറിലോസ് യൂണിറ്റ്)

## (വിസ്മയ സഹിതം.... രീതി)

മഹിമയെഴുന്നീ സുദിനമതാം
സെപ്റ്റംബർ പതിന്നാല്
തിരുസഭ കൊണ്ടാടീടുന്നു
സ്ലീ-ബാ-പെരുന്നാളായ്

കുസ്തന്തീനോസ് രാജാവിൻ
സൽഭരണത്തെ ഓർത്തീടാം
ഹെലനി രാജ്ഞി നേടിയതാം
സ്ലീബായെ-വന്ദിച്ചീടാം.

റാണി ഹെലനി മാതാവ്
കണ്ടെത്തി ക്രൂശുകൾ മൂന്ന്
കർത്തൻ തന്നുടെ ക്രൂശേത-
ന്നറിയാൻ വഴിതേടി

ശവമഞ്ചം വഹിച്ചൊരു യാത്ര
വഴിയെ വന്നതുകണ്ടപ്പോൾ
കർത്താവിൻ ക്രൂശിനെയറിയാൻ
രാജ്ഞി കല്പിച്ചു.

കുരിശുകൾ മൂന്നും ഒന്നൊന്നായ്
ശവമഞ്ചത്തെ തൊടുവിച്ചു
കർത്തൻ ക്രൂശതുതൊട്ടപ്പോൾ
മൃ-തനായവൻ ജീവിച്ചു.

രക്ഷാകരമാം സ്ലീബായെ
കൊടിയതിൻ ശുഭ ചിഹ്നവുമായി
സഭയാൽ സ്ഥാപിതമായദിനേ

പെരുന്നാൾ ഘോഷിയ്ക്കാം

**5-ാം ചരമവാർഷികം**
**(02.09.2012)**



**കെ. റ്റി. ജോയി**
**കരോട്ട് വീട്, തിരുവാങ്കുളം**
**സന്തപ്തകുടുംബാംഗങ്ങൾ**

## നിര്യാതരായി

1) കടുംഗമംഗലം തുരുത്തിയിൽ തോമസ് (70) 31-7-2012
2) പേപ്പതി ചന്ദനത്തിൽ ജോണി (58) 01-08-2012
3) ഏഴക്കരനാട് ഓലിക്കുഴിയിൽ ജോർജ്ജ് (57) 04-08-2012
4) കരിങ്ങാച്ചിറ ചേരാപ്പുറത്ത് ഏലിക്കുട്ടി (85) 09-08-2012
5) ഇരുമ്പനം അരിമ്പൂര് സാറ (6) 10-08-2012
6) അമ്പലമുകൾ കോഴിപ്പിള്ളിൽ ഏലിയാമ്മ (76) 15-08-2012
7) ഇരുമ്പനം അരിമ്പൂർ മത്തായി (75) 16-08-2012
8) ചിത്രപ്പുഴ കളരിക്കപ്പറമ്പിൽ ശോശാമ്മ (83) 28-08-2012

വാർത്തകൾ


## തബീഥാ ഡേ ആഘോഷിച്ചു.

നമ്മുടെ കത്തീഡ്രൽ സ്ഥാപനമായ ചിത്രപ്പുഴ തബീഥാ സെന്റർ ആരംഭിച്ചിട്ട് 6 വർഷം ആയതിന്റെ ആഘോഷം തബീഥയിൽ വച്ച് നടത്തപ്പെട്ടു. പ്രസിഡന്റ് റവ. ഫാ. വർഗ്ഗീസ് പുലയത്ത് അദ്ധ്യക്ഷത വഹിച്ചു. തബീഥാ സെന്ററിന്റെ പ്രവർത്തനങ്ങളെക്കുറിച്ച് ഒരു അവലോകന ചർച്ച നടത്തപ്പെട്ടു.

# തബീഥായിൽ ഓണാഘോഷം നടത്തപ്പെട്ടു

മർത്തമറിയം വനിതാസമാജം മോർ കൂറിലോസ് കുടുംബയൂണിറ്റിന്റേയും സംയുക്തമായി തബീഥായിൽ വച്ച് 28-ാം തീയതി ഓണാഘോഷം നടത്തുകയുണ്ടായി. വിവിധ കലാപരിപാടികളോടെ തബീഥായിലെ അന്തേ വാസികളുമായി സ്നേഹവും സന്തോഷവും പങ്കിട്ട് നടത്തപ്പെട്ട ചടങ്ങുകൾക്ക് ബഹു.വികാരിയച്ചനും കൈക്കാരമാരും സന്നിഹിതരായിരുന്നു. തുടർന്ന് ഓണസദ്യയോടെ പരിപാടികൾ അവസാനിച്ചു.

## കോതമംഗലം തീർത്ഥയാത്ര.



നമ്മുടെ കത്തീഡ്രലിൽ നിന്നും കോതമം ഗലം ചെറിയ പള്ളിയിൽ കബറടങ്ങിയിരിക്കുന്ന പരി.യൽദോ മോർ ബസ്സേലിയോസ് ബാവായുടെ കബറിങ്കലേക്കുള്ള തീർത്ഥയാത്ര ഒക്ടോബർ മാസം 2-ാം തീയതി ചൊവ്വാഴ്ച രാവിലെ 6 മണിക്ക് അഭി. ഇടവക മെത്രാപ്പോലീത്ത ഡോ.ജോസഫ് മോർ ഗ്രീഗോറിയോസ് തിരുമേനിയുടെ അനുഗ്രഹ ആശീർവ്വാദത്തോടെ പുറപ്പെടുന്നതാണ്.

# വാർഷികം ആഘോഷിച്ചു.

നമ്മുടെ കത്തീഡ്രലിന്റെ കീഴിൽ പ്രവർത്തിക്കുന്ന മർത്തമറിയം വനിതാ സമാജത്തിന്റെ വാർഷികം വി.ദൈവമാതാവിന്റെ പെരുന്നാളിനോടനുബന്ധിച്ച് ആഗസ്റ്റ് 14-ാം തീയതി സന്ധ്യാപ്രാർത്ഥനക്ക് ശേഷം നടത്തപ്പെട്ടു. ബഹു. പ്രസിഡന്റ് റവ. ഫാ. വർഗ്ഗീസ് പുലയത്ത് അദ്ധ്യക്ഷത വഹിക്കുകയും ഉദ്ഘാടനം നിർവ്വഹിക്കുകയും ചെയ്തു. ബഹു. ആത്മായ വൈസ് പ്രസിഡന്റ് എം.വി.എബ്രഹാം ട്രസ്റ്റിമാരായ എൻ.വി. പൗലോസ്, ജോജി പീറ്റർ എന്നിവർ ആശംസാപ്രസംഗം നടത്തുകയുണ്ടായി. വിവിധ കലാപരിപാടികളോടെ ചടങ്ങുകൾ അവസാനിച്ചു.

# സ്ലീബാ പെരുന്നാൾ

നമ്മുടെ കത്തീഡ്രലിൽ സെപ്തംബർ മാസം 14-ാം തീയതി വെള്ളിയാഴ്ച നടത്തപ്പെടുന്നു. രാവിലെ 7 ന് പ്രഭാത പ്രാർത്ഥന, 7.30 ന് വി.കുർബ്ബാന ധൂപപ്രാർത്ഥന തുടർന്ന് പ്രദക്ഷിണം. തുടർന്ന് അവിൽനേർച്ച എന്നിവ ഉണ്ടായിരിക്കുന്നതാണ്. അന്നേ ദിവസം കത്തീഡ്രലിന്റെ കീഴിലുള്ള കരിങ്ങാച്ചിറ, ഇരുമ്പനം, ചിത്രപ്പുഴ കുരിശുപള്ളികളിൽ വൈകിട്ട് 6.30 ന് പാച്ചോർ നേർച്ച വിതരണം ചെയ്യുന്നതാണ്.

# രക്തദാനക്യാമ്പ്

കക്കാട് സെന്റ് ജോർജ്ജ് യൂത്ത് അസോസിയേഷന്റെ ആഭിമുഖ്യത്തിൽ 2012 ആഗസ്റ്റ് 26 ഞായറാഴ്ച കക്കാട് പള്ളിയിൽ വച്ച് പൊതുജന പങ്കാളിത്വത്തോടെ രക്തദാനക്യാമ്പ് സംഘടിപ്പിക്കപ്പെട്ടു.

ഇതോട് അനുബന്ധിച്ച് നടന്ന അവയവ-നേത്രദാന ക്യാമ്പിൽ നൂറോളം പേർ പങ്കെടുത്തു. വികാരി ഫാ. ജെയിംസ് മല്ലെപ്പിള്ളിൽ, ശ്രീ. ജെയ്ജോ ബേബി എന്നിവർ ക്യാമ്പിന് നേതൃത്വം നൽകി.


# ഓണാഘോഷം നടത്തി







തിരുവാങ്കുളം എ വാർഡിൽ മോർ സ്തേഫാനോസ് കുടുംബയൂണിറ്റിന്റെ ഓണാഘോഷം ഓഗസ്റ്റ് മാസം 25-ാം തീയതി ശനിയാഴ്ച ആഘോഷിക്കുകയുണ്ടായി. കുടുംബയൂണിറ്റ് അംഗമായ റവ. ഫാ. സഖറിയ ഓണേരിൽ ഉദ്ഘാടനം ചെയ്തു. അന്നേ ദിവസം വിവിധ കലാപരിപാടികളും മത്സരങ്ങളും നടക്കുകയുണ്ടായി. ഒപ്പം ഓണസദ്യയിലും അംഗങ്ങൾ സംബന്ധിക്കുകയുണ്ടായി.



## മൂന്നാം പിറന്നാൾ
## 17.08.2012

## ജോഹന്ന ബിജോയ്
**ചെമ്പോതുരുത്തിൽ**
**തിരുവാങ്കുളം**

## ഇടവക കലണ്ടർ (സെപ്റ്റംബർ 2012) (കുടുംബ യൂണിറ്റ്)

| ഞായർ | തിങ്കൾ | ചൊവ്വ | ബുധൻ | വ്യാഴം | വെള്ളി | ശനി |
|---|---|---|---|---|---|---|
| | **1**<br>• സെന്റ് മേരീസ് | **2**<br>• മാർ കൂറിലോസ്<br>• മോർ ബസ്സേലിയോസ് | **3** | **4**<br>• ബൈബിൾ ക്ലാസ്സ് | **5** | **6**<br>• ധ്യാനയോഗം<br>• 10 മുതൽ 10:30 |
| **7**<br>• ഇരുമ്പനം കുരിശുപള്ളി<br>• സെന്റ് ജോസഫ്<br>• മൗണ്ട് കർമ്മേൽ | **8** | **9**<br>• ഇസ്രായേൽ | **10**<br>• മാർബർസൗമ്മാ | **11**<br>• ബൈബിൾ ക്ലാസ്സ് | **12** | **13**<br>ധ്യാനയോഗം<br>10 മുതൽ 10.30<br>• മാർ മിഖായേൽ<br>• സെന്റ് കുര്യാക്കോസ് |
| **14**<br>• ചിത്രപ്പുഴ കുരിശുപള്ളി<br>• മാർ സേവേറിയോസ്<br>മൗണ്ട് താബോർ | **15** | **16**<br>• സെന്റ് ഇഗ്നാത്തിയോസ് | **17**<br>• സെന്റ് ജോൺസ് | **18**<br>• ബൈബിൾ ക്ലാസ്സ് | **19** | **20**<br>• ധ്യാനയോഗം<br>10 മുതൽ 10.30<br>ബഥാനിയ<br>• മാർ സ്തേഫാനോസ് |
| **21**<br>• മാർ കൗമ്മാ<br>• മൗണ്ട് ഹെബ്രോൺ | **22**<br>• സെന്റ് അപ്രേം | **23**<br>• മാർ<br>ഗ്രിഗോറിയോസ് | **24**<br>• സെന്റ് പീറ്റേഴ്സ് | **25**<br>• ബൈബിൾ ക്ലാസ് | **26** | **27**<br>ധ്യാനയോഗം<br>10 മുതൽ 12.30<br>• ബെത്സെദ |
| **28**<br>നസ്രേത്ത്<br>• സെന്റ് ജേക്കബ്<br>• സെന്റ് പോൾസ്<br>4 to 6 pm | **29**<br>• മോർ<br>പോളിക്കാർപ്പസ് | **30** | **31** | | | |

## വിവാഹിതരായി



# സാജു & ബിനിത
### ചന്ദനത്തിൽ

ആശംസകളോടെ...

സെന്റ് ജോർജ്ജ് യൂത്ത്
അസോസിയേഷൻ കരിങ്ങാച്ചിറ

## പ്രസംഗം തരൂ.... പ്രസിദ്ധീകരിക്കാം!

സൺഡേസ്കൂൾ, കുടുംബയൂണിറ്റ് തുടങ്ങിയ മത്സര വേദികളിൽ കുട്ടികൾക്കും മുതിർന്നവർക്കും ഉപയോഗപ്രദമാകുന്ന രീതിയിൽ വിവിധ വിഷയങ്ങളിൽ ഒരു ക്രിസ്തീയ പ്രസംഗ സമാഹാരം ഉടൻ പ്രസിദ്ധീകരിക്കപ്പെടുകയാണ്.

നിങ്ങളുടെ കൈയ്യിൽ, ഉപയോഗിച്ച പ്രസംഗങ്ങൾ എഴുതി സൂക്ഷിച്ചിട്ടുണ്ടെങ്കിൽ, അല്ലെങ്കിൽ ഏതെങ്കിലും വിഷയത്തിൽ നല്ലൊരു പ്രസംഗം തയ്യാറാക്കാൻ നിങ്ങൾക്കു കഴിവുണ്ടെങ്കിൽ ഉടൻ ബന്ധപ്പെടുക. നിങ്ങളുടെ പേരിൽ നിങ്ങളുടെ പ്രസംഗം പ്രസിദ്ധീകരിക്കപ്പെടുന്നു. ഉടൻ തന്നെ അവ താഴെ കാണുന്ന വിലാസത്തിൽ അയച്ചുതരിക. സംശയങ്ങൾക്കു ബന്ധപ്പെടുക.

**ഡോ. സിവി വി. പുലയത്ത്**
കക്കാട്, മാമ്മല, ഫോൺ : 9895677477
e-mail: drcivy@yahoo.co.in

# വിജ്ഞാനകൗതുകം

**ടി.വി. പൗലോസ്, തൊമ്മൻകുടിയിൽ**

1. നിങ്ങളെത്തന്നെ ശുദ്ധീകരിപ്പിൻ, ദൈവം നാളെ നിങ്ങളുടെ ഇടയിൽ അത്ഭുതം പ്രവർത്തിക്കും. ആരുടെ വാക്കുകളാണ് ഇത്.

   എ. മോശ — ബി. യോശുവ — സി. അഹറോൻ

2. ഞാൻ ഒരു ക്രിസ്ത്യാനി ആകുവാൻ നീ അല്പം കൊണ്ട് എന്നെ സമ്മതിപ്പിക്കുകയാണോ. വി.പൗലോസിനോട് ആരാണ് ഇങ്ങനെ ചോദിച്ചത്.

   എ. നീറോ ചക്രവർത്തി — ബി. ഫെസ്റ്റോസ് — സി. അഗ്രിപ്പാരാജാവ്

3. നീ എന്നെ മൂന്ന് പ്രാവശ്യം അടിപ്പാൻ ഞാൻ നിന്നോട് എന്തു ചെയ്തു. കഴുത ആരോടാണ് ഇങ്ങനെ ചോദിച്ചത്.

   എ. ബിലെയാമിനോട് — ബി. ബാലക്കിനോട് — സി. ദൈവദൂതനോട്

4. ഇസ്രായേൽ ജനതയുടെ പ്രഥമ രാജാവ് ആരായിരുന്നു.

   എ. ദാവീദ് — ബി. ശൗൽ — സി. ശലോമോൻ

5. ഈ വി.കൂദാശ സ്വീകരിക്കണമെന്ന് നിർബ്ബന്ധിച്ചില്ല. ഏത് കൂദാശ

   എ. വി.കുമ്പസാരം — ബി. വി.വിവാഹം — സി. രോഗികളുടെ വി.തൈലാഭിഷേകം

6. ദീർഘക്ഷമയുള്ളവൻ മഹാബുദ്ധിമാൻ, മുൻകോപിയോ ____________ ഉയർത്തുന്നു (സദൃശ്യവാക്യങ്ങൾ)

   എ. അഹങ്കാരം — ബി. അസൂയ — സി. ഭോഷത്തം

7. എൽഫർണസ് - ഇതര കാനോനിക ഗ്രന്ഥത്തിലെ ഒരു കഥാപാത്രമാണ്. ഏത് ഗ്രന്ഥത്തിലെ

   എ. എസ്ഥേർ — ബി. തൂബീത് — സി. യൂദീത്ത്

8. ശൗൽ രാജാവിന്റെ മകനും ദാവീദ് രാജാവിന്റെ സ്നേഹിതനുമായിരുന്ന ആൾ ആര്.

   എ. യോനാഥാൻ — ബി. ബോവാസ് — സി. യോവാസ്

9. ഒന്നാമത്തെ സിറിയൻ കുടിയേറ്റം നടന്നത് ഏത് വർഷത്തിൽ

   എ. എ.ഡി. 70 — ബി. എ.ഡി.325. — സി. എ.ഡി. 345

**ജൂലൈ മാസത്തെ ശരിയുത്തരങ്ങൾ: 1 (എ) 2 (സി) 3 (സി) 4 (ബി) 5 (എ) 6 (എ) 7 (സി) 8 (ബി) 9 (ബി)**
**ശരി ഉത്തരം തന്നവരുടെ പേരുകൾ യുത്ത് അസോസിയേഷന്റെ നോട്ടീസ് ബോർഡിൽ പ്രസിദ്ധീകരിക്കുന്നതായിരിക്കും.**

*ഇവിടെ മുറിക്കുക*

| | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|
| 1. | A ☐ | B ☐ | C ☐ | 2. | A ☐ | B ☐ | C ☐ | 3. | A ☐ | B ☐ | C ☐ |
| 4. | A ☐ | B ☐ | C ☐ | 5. | A ☐ | B ☐ | C ☐ | 6. | A ☐ | B ☐ | C ☐ |
| 7. | A ☐ | B ☐ | C ☐ | 8. | A ☐ | B ☐ | C ☐ | 9. | A ☐ | B ☐ | C ☐ |

ശരിയുത്തരം ടേബിളിൽ ടിക്ക് ചെയ്യുക. വിലാസം പൂരിപ്പിച്ച് കൂപ്പണുകൾ പള്ളിയിലെ ജോർജ്ജിയൻ വോയ്സ് ലെറ്റർ ബോക്സിൽ നിക്ഷേപിക്കുക. ശരിയുത്തരം ഒന്നിൽ കൂടുതൽ ഉണ്ടെങ്കിൽ നറുക്കെടുത്ത് സമ്മാനം നൽകുന്നതാണ്. ഉത്തര കൂപ്പണുകൾ നിക്ഷേപിക്കേണ്ട അവസാന തീയതി 30.08.2012

പേര് ..............................

വിലാസം ..............................

..............................

..............................

ഫോൺ ..............................

കുടുംബയൂണീറ്റ് ..............................

## മാമാങ്കം 2012

നമ്മുടെ കത്തീഡ്രൽ വക ചാപ്പലായ കക്കാട് ചാപ്പലിലെ യൂത്ത് അസോസിയേഷൻ ഓണം വിവിധ പരിപാടികളോടെ ആഘോഷിച്ചു. മാമാങ്കം 2012 എന്ന പേരിൽ നടത്തിയ ഓണാഘോഷത്തിൽ ആധുര സേവന പ്രവർത്തനങ്ങളായിരുന്നു മുഖ്യ ലക്ഷ്യം. സ്നേഹസ്പർശം എന്ന പുതിയ പദ്ധതിയെ നേത്ര-അവയവ-രക്തദാന ക്യാമ്പിലൂടെ ആവിഷ്കരിക്കുകയുണ്ടായി. നിർദ്ധനരായ 12 കുടുംബങ്ങൾക്ക് ഓണക്കോടിയോട് കൂടിയ ഓണസദ്യ കിറ്റ് വിതരണം ചെയ്യുകയുണ്ടായി. ചാപ്പലിലെ പരിസരം വനവൽക്കരണത്തിന്റെ ഭാഗമായി മരം, അമരം എന്ന പദ്ധതിയിലൂടെ തെങ്ങിൻതൈ നട്ടുകൊണ്ട് പഞ്ചായത്ത് മെമ്പർ ശ്രീമതി സുമദേവി ഉദ്ഘാടനം നിർവ്വഹിക്കുകയുണ്ടായി. ഓണാഘോഷത്തിന്റെ ഭാഗമായി ചാപ്പലിന്റെ കുടുംബസംഗമവും, പൂക്കളമത്സരം, ഫൺഗെയിംസ്, കലാപരിപാടികളും നടത്തുകയുണ്ടായി. പരിപാടികൾക്ക് ഇമ്പമേകുന്നതിന് മകാരം മത്തായിഷോ ആയിരുന്നു മുഖ്യ ആകർഷണം. "മാ"യിൽ തുടങ്ങുന്ന വാക്കുകൾ മാത്രം ഉപയോഗിച്ചുള്ള ഗിന്നസ്സ് റിക്കോർഡ് ഉടമ മകാരം മത്തായിയുടെ ബൈബിൾ പ്രസംഗമായിരുന്ന പരിപാടിയിൽ നടത്തപ്പെട്ടത്. പരിപാടികൾക്ക് സെക്രട്ടറി ശ്രീ. ബെന്നി തോണാട്ട്, കൺവീനർ ശ്രീ. റെജി ഇളയിടത്ത് പറമ്പിൽ, കോ-ഓർഡിനേറ്റർ ശ്രീ. ഡോ. സിവി വി. പുലയത്ത് എന്നിവർ നേതൃത്വം നൽകി.

## ദു:ഖ്റോനോ പെരുന്നാൾ ആഘോഷിച്ചു



മലേക്കുരിശിൽ കബറടങ്ങിയിരിക്കുന്ന ശ്രേഷ്ഠ കാതോലിക്ക ആബൂൻ മോർ ബസ്സേലിയോസ് പൗലോസ് II ബാവായുടെ 16-ാം ദു:ഖ്റോനോ പെരുന്നാൾ. അദ്ദേഹം അവസാനമായി വിശുദ്ധ ബലിയർപ്പിച്ച നമ്മുടെ കത്തീഡ്രലിൽ വച്ച് സെപ്റ്റംബർ ഒന്നാം തീയതി ആഘോഷിച്ചു.




**പരി. യാക്കോബായ സുറിയാനി സഭയുടെ അസോസിയേഷൻ ജനറൽ ബോഡി യോഗത്തിൽ നിന്ന്**

## ഒന്നാം ചരമവാർഷികം



## സാന്ദ്ര സാബു

**മഠത്തിപ്പറമ്പിൽ**

12-1-2001 - 23-09-2011

**ദു:ഖസാന്ദ്രമായ ഓർമ്മകളുമായി കുടുംബാംഗങ്ങൾ**

## ഒന്നാം ചരമവാർഷികം



**മാലായിൽ**


## വർക്കി മത്തായി

**തിരുവാങ്കുളം**

**ജനനം : 10.12.1935 മരണം : 24.09.2011**

**സന്തപ്തകുടുംബാംഗങ്ങൾ**

## 34-ാം ചരമവാർഷികം (07.09.2012)



## കെ. പി. വർക്കി

**കാവര, ഇരുമ്പനം**



## 16-ാം ചരമവാർഷികം (18.09.2012)



## അന്നമ്മ വർക്കി

**കാവര, ഇരുമ്പനം**

## സന്തപ്തകുടുംബാംഗങ്ങൾ



# Anugraha Florist

**AMBALAMUGAL**

**Ph: 0484 2721053, Mob: 9961708466**







**Flesh Flower Stage Decoration**

**Bridal Flower Arrangements | Car Decoration etc...**


Chief Editor: Varghese Raju Mob: 8547903252, Printed & Published by : Shiju P.K. Mob: 9895087333
for Youth Association, St. George Jacobite Syrian Cathedral, Karingachira, Irimpanam P.O., Ph: 0484 2777877
E-mail: georgianvoice@stgeorgecathedral.in
Printed at: Color World Offset Printers, Vettikulam, Mulanthuruthy. Ph: 94475 74356